# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2014-15, 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കെ.എസ്.എ. കെ.കെ.ഡി പി7/418/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് 673020
ഫോൺ. 0495-2371012
E-mail: ddlfakkd@yahoo.in

തീയ്യതി :24.03.2017

ജോയിന്റ് ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തലായനി ബ്ലോക്ക് പഞ്ചായത്ത് - 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലെയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി പി7/418/2017 തീയതി: 24-03-2017.

<u>കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2014 മുതൽ 31.01.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി. ഉണ്ണിക്കൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2017 – 18.02.2017 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥൻ | ശ്രീമതി. സബിത. എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇ.വി.ഹരി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈന. എ. കെ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുകല. സി. വി, ഓഡിറ്റർ |
| | ശ്രീ. ശ്രീജിത്ത്. കെ. വി, ഓഡിറ്റർ |

(ബി)<u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ചന്ദ്രഹാസൻ. ടി. വി | 01.04.2014 – 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 – 11.11.2015 |
| | ശ്രീമതി. ശോഭ. കെ. എം | 12.11.2015- 31.03.2016 |
| സെക്രട്ടറി | ശ്രീ. പി. വി സോമൻ | 01.04.2014 – 31.12.2015 |
| | ശ്രീ. ടി. കെ ഗോവിന്ദൻ | 01.01.2016 – 28.01.2016 |
| | ശ്രീമതി. രമാദേവി | 29.01.2016-31.1.2016 |
| | ശ്രീ. ടി. കെ ഗോവിന്ദൻ | 01.02.2016- 10.02.2016 |
| | ശ്രീ. ബി. എൽ ബ്രിജിത്ത് | 11.02.2016 -31.03.2016 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സി. എഞ്ചിനീയർ | ശ്രീ. ഗിരീഷ്. ആർ. ഡി | 01.04.2014 – 31.03.2016 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. ഷൈലജ. കെ | 01.04.2014 – 31.07.2014 |
| | ശ്രീ. സതീശൻ. കെ | 01.08.2014 – 31.03.2016 |
| വ്യവസായ വികസന ഓഫീസർ | ശ്രീ. ബൈജു. എം. വി | 01.04.2014 – 17.09.2014 |
| | ശ്രീ. മിഥുൻ ആനന്ദ് | 18.09.2014 |
| | ശ്രീ. രാധാകൃഷ്ണൻ. | 19.09.2014-29.01.2015 |
| | ശ്രീ. ഷിനോജ്. കെ | 30.01.2015 – 31.03.2016 |
| മെഡിക്കൽ ഓഫീസർ | ശ്രീമതി. സിന്ധു. കെ. ടി | 01.04.2014 – 31.03.2016 |
| കൃഷി അസി. ഡയറക്ടർ | ശ്രീമതി. അനിതാ പോൾ | 01.04.2014 – 31.03.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഗീതാകുമാരി | 01.04.2014-15.04.2014 |
| | ശ്രീമതി. വിമല. ടി, സി.ഡി.പി.ഒ | 16.04.2014-08.05.2014 |
| | ശ്രീമതി. ഗീതാകുമാരി. കെ | 08.05.2014 -06.06.2014 |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി. വസന്തകുമാരി. കെ. വി | 07.06.2014 – 30.07.2014 |
| | ശ്രീമതി. ഷാനില. എസ്. പി | 31.07.2014 – 31.03.2016 |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. ശ്രീകാന്തി, എൻ | 01.04.2014- 02.05.2014 |
| | ശ്രീ. ഉണ്ണിക്കൃഷ്ണൻ. എം | 03.05.2014- 02.06.2014 |
| | ശ്രീമതി. ശ്രീകാന്തി, എൻ | 03.06.2014 -18.09.2014 |
| | ശ്രീ. ഉണ്ണിക്കൃഷ്ണൻ. എം | 19.09.2014 -13.10.2014 |
| | ശ്രീമതി. ലാവണ്യ | 14.10.2014-31.03.2016 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെവിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 11 | സംഭാവന – വിശദ വിവരം ലഭ്യമാക്കിയില്ല | 2-2 |
| 12 | സാംഖ്യ രശീതുകളുടെ ഉപയോഗത്തിലെ അപാകതകൾ | 2-3 |
| 13 | വ്യവസായ വിപണന കേന്ദ്രം - വാടക ഈടാക്കിയില്ല | 2-4 |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | മെഡിക്കൽ ഓഫീസർ ,സി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 15 | റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല | 3-2 |
| 16 | വാഹനത്തിന്റെ അനുബന്ധ സാമഗ്രികൾ അംഗീകൃത സ്ഥാപനത്തിൽ നിന്ന് വാങ്ങിയില്ല. | 3-3 |
| 17 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- ഗ്രാമ പഞ്ചായത്തിന്റെ അടങ്കലിനേക്കാൾ തുക ചെലവഴിച്ചു | 3-4 |
| 18 | പത്ര പരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു. | 3-5 |
| 19 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേയ്ക്ക് അലമാര വാങ്ങൽ-അധിക വില അനുവദിച്ചു | 3-6 |

| | | |
|---|---|---|
| 20 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 |
| 21 | പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതിയിൽ അപാകത | 3-8 |
| 22 | ജില്ലാ പ്ളാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം - നൽകിയ തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല | 3-9 |
| 23 | പത്ര പരസ്യത്തിന് തുക നൽകുന്നതിന് 9216/- രൂപ പിൻവലിച്ചു - തുക കൈപ്പറ്റിയതിന് രേഖയില്ല | 3-10 |
| 24 | തുടർവിദ്യാകലോത്സവം- വിനിയോഗ വിവരം ലഭ്യമായില്ല | 3-11 |
| 25 | തപാൽ സ്റ്റാമ്പ് വാങ്ങൽ- സ്റ്റാമ്പ് വാങ്ങിയത് അക്കൗണ്ടിൽ വരവ് വെച്ചില്ല | 3-12 |
| 26 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-13 |
| 27 | 3 ദിവസത്തെ പരിശീലനത്തിന് ടൈപ്പിസ്റ്റിന്റെ ഒഴിവിലേക്ക് താത്കാലിക നിയമനം | 3-14 |
| 28 | അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ - തുക ചെലവഴിക്കുകയോ തിരികെ അടവാക്കുകയോ ചെയ്തില്ല | 3-15 |
| 29 | നിയമാനുസൃതമല്ലാതെ ഡ്രൈവർ തസ്തികയിൽ നിയമനം | 3-16 |
| 30 | മസ്റ്റർറോൾ ഇല്ലാതെ ഡ്രൈവർക്ക് വേതനം നൽകുന്നു | 3-17 |
| 31 | വാഹന ഉപയോഗം - മാർഗനിർദേശങ്ങൾ പാലിക്കുന്നില്ല | 3-18 |
| 32 | ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിൽ 40.47 ലിറ്റർ ഡീസൽ അഡ്ജസ്റ്റ് ചെയ്തു. | 3-19 |
| 33 | ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ - തുക അക്കൗണ്ട് ചെയ്തതിന്റെ രശീതി നൽകുന്നില്ല | 3-20 |
| 34 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ | 3-21 |

| | | |
|---|---|---|
| | | |
| 35 | കാലിത്തീറ്റ സബ്സിഡി - പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ | 3-22 |
| 36 | കാലിത്തീറ്റ സബ്സിഡി - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകി - രശീതി ലഭ്യമാക്കിയില്ല | 3-23 |
| 37 | ക്വട്ടേഷൻ നടപടിക്രമം പാലിക്കാതെ ചെലവ് നടത്തുന്നു | 3-24 |
| 38 | ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ - വിശദമായ വിനിയോഗ പത്രിക സമർപ്പിക്കുന്നില്ല. | 3-25 |
| 39 | താലൂക്ക് ആശുപത്രിയ്ക്ക് അലക്കുകൂലിയിനത്തിൽ തുക നൽകി | 3-26 |
| 40 | ഗ്രാമ സഭാലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകി | 3-27 |
| 41 | ഭവന നിർമ്മാണം പൂർത്തിയാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-28 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15വർഷത്തെ പുതുക്കിയ ബജറ്റ് 17.03.2015 തിയതിയിലെ 09/2014-15 തീരുമാനപ്രകാരവും, 2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 29.02.2016 തീയതിയിലെ 72(1) നം തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2015 | 09.06.2015 |
| 31.07.2016 | 07.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2014-15 | 13.02.2017 | ഓഡിറ്റ് റിപ്പോർട്ടിനൊപ്പം |
| 2015-16 | 13.02.2017 | |

## 1-4 സാമ്പത്തിക വിശകലനം

| | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 1,82,01,822 | 3,04,27,250 |
| വരവ് | 7,67,53,287 | 5,65,85,974 |
| ആകെ | 9,49,55,109 | 8,70,13,224 |
| ചെലവ് | 6,45,27,859 | 6,56,34,988 |
| നീക്കിയിരിപ്പ് | 3,04,27,250 | 2,13,78,236 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 31,27,068 | 17997000 | 21124068 | 17067496 | 4056572 | 80.61 |
| വികസനഫണ്ട് എസ്.സി.പി. | 9,99,813 | 7055000 | 8054813 | 6847676 | 1207137 | 85.01 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4,22,703 | 2466000 | 2888703 | 1764465 | 1124238 | 61.08 |
| ബി ഫണ്ട് | - | 30000 | 30000 | 30000 | - | 100 |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4056572 | 14378869 | 18435441 | 18435441 |
| വികസനഫണ്ട് എസ്.സി.പി. | 1207137 | 4812989 | 6020126 | 6020126 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1124238 | 1503793 | 2628031 | 2628031 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2014-15 | 60 | 50 | 9 | 1 | 83.33 |
| 2015-16 | 50 | 31 | 13 | 6 | 62 |

## 1-7 തനത് വരുമാനം.

ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനം ഇല്ലാത്തതിനാൽ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല എന്നത് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2016 – 14.01.2016 | 24.07.2015 – 11.01.2016 | നം. 09/ഡി.പി.എ16/ കെകെഡി/ തീ. 04.02.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2010 | 2004-05 – 2009-10 | എൽ.ബി.എ HQ/V/8A – 1614/18 dt. 03.09.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വാറ്റ്, ഐ. ടി , തൊഴിലാളി ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

3. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 2-2 സംഭാവന – വിശദ വിവരം ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക കണക്കിലെ RP – 10 – Other Income ഷെഡ്യൂൾ പ്രകാരം 40,000/- രൂപ തൻവർഷം സംഭാവനയായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വരവ് - ചെലവ് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 3/15-16 തീയതി 16.2.17) മറുപടി ലഭ്യമാക്കിയിട്ടില്ല. സംഭാവനയായി ലഭിച്ച 40,000/- രൂപയുടെ വരവ് - ചെലവ് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 സാംഖ്യ രശീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

കളക്ഷൻ രജിസ്റ്റർ, സാംഖ്യ രശീതുകൾ, ഡേ ബുക്ക് എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സാംഖ്യ രശീതുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2.കളക്ഷൻ രജിസ്റ്ററിൽ സാംഖ്യ രശീത് നമ്പർ ചേർക്കുന്നില്ല.

3.സാംഖ്യ രശീതുകൾ സ്റ്റേഷനറി നമ്പർ ക്രമത്തിലല്ല ഉപയോഗിക്കുന്നത്.
ഉദാ: 1) 11.03.2016 ൽ 4983246 നമ്പർ രശീതിന് ശേഷം 4984177 നമ്പർ മുതലുള്ള രശീതുകളാണ് ഉപയോഗിച്ചത്.
2) 11.04.2016 ൽ 4984185 നമ്പർ രശീതിന് ശേഷം 4983247 നമ്പർ മുതലുള്ള രശീതുകളാണ് ഉപയോഗിച്ചത്

ഇത് സംബന്ധിച്ച് നൽകിയ 18-02-2017 തീയതിയിലെ 26/15-16 നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സാംഖ്യ രശീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 വ്യവസായ വിപണന കേന്ദ്രം - വാടക ഈടാക്കിയില്ല

2015-16 വർഷത്തെ കെട്ടിടവാടക രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ വിപണന കേന്ദ്രത്തിലെ താഴെപ്പറയുന്ന മുറികളുടെ വാടക ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | കാലയളവ് | തുക |
|---|---|---|---|
| 1 | താമരശ്ശേരി താഴെ ആക്റ്റിവിറ്റി ( സാനിയ ) | 2/15, 3/15 | 600 + 600 |
| 2 | കൃപ കുടുംബശ്രീ കാന്റീൻ - 1 | 5/14, 8/14 | 750 + 750 |
| 3 | രാജീവം കുടുംബശ്രീ മാവുള്ളി പുറത്തുട്ട് | 7/15 | 700 |
| | ആകെ | | 3400 |

മേൽ പ്രകാരമുള്ള മുറികളുടെ വാടക കുടിശ്ശിക, നിയമാനുസൃത പിഴ സഹിതം ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മെഡിക്കൽ ഓഫീസർ ,സി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1.തിരുവങ്ങൂർ സിഎച്ച്സിയ്ക്ക് ലാപ് ടോപ്പ്,സ്കാനർ,പ്രിന്റർ,യു.പി എസ് മുതലായവ വാങ്ങൽ

പ്രോജക്റ്റ് - എസ്0034/15

അടങ്കൽ – 120000/-മെയ്ന്റനൻസ് (റോഡിതരം)

ചെലവ് – 103620/-ബിൽനം-12/15-16/26.3.15

സിഎച്ച്സിയിൽ 14-15 വർഷം കെൽട്രോണിൽനിന്നും നേരിട്ട് ഡെൽ എന്ന കമ്പനിയുടെ ലാപ് ടോപ്പ് ,കാനൻ എന്ന കമ്പനിയുടെ സ്കാനർ പ്രിന്റർ ഇഗാ എന്റർപ്രൈസസിന്റെ ട്യൂബുലാർ ബാറ്ററി എന്നിവ വാങ്ങുന്നതിനായി 792586/- കെൽട്രോണിന് നല്കിയിട്ടുണ്ട്. 29.1.2013 ലെസ.ഉ.(ആർ .ടി.) 224/13പ്രകാരം ഐ.കെ.എം സ്പെസിഫിക്കേഷനോട് കൂടിയ കമ്പ്യൂട്ടർ കെൽട്രോണിൽനിന്നും നേരിട്ട് വാങ്ങാം എന്നും, 2.2.2006ലെ ജി.ഒ.(പി)1/2006/എസ്.പി.ഡി പ്രകാരം സർക്കാർ സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും ടെണ്ടർ നടപടി കൂടാതെ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിയ്ക്കുമ്പോൾ കെൽട്രോൺ നിർമ്മിച്ചിട്ടുള്ളതല്ലാത്ത/അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വിലവരുന്നതു മാത്രമേ നല്കാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50% ൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാൻഡാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിയ്ക്കണം. . എന്നാൽ മേൽനിർദ്ദേശങ്ങൾ ഒന്നും തന്നെ ഇവിടെ പാലിച്ചിട്ടില്ല .ആയതിന് വിശദീകരണം ആരാഞ്ഞുകൊണ്ടുനല്കിയ എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.സി എച്ച് സി തിരുവങ്ങൂർ ആരോഗ്യപ്രവർത്തകർക്ക് ലാപ് ടോപ്പ്

പ്രോജക്റ്റ് നം- എസ്0033/16

അടങ്കൽ-7,00,000/-(മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം)

ചെലവ്- 64,000/- ബിൽ നം10/15-16/19.1.2016

2015-16 വർഷം കെൽട്രോണിൽനിന്നും ക്വട്ടേഷൻ മുഖേന ആരോഗ്യ പ്രവർത്തകർക്ക് ലാപ് ടോപ്പ് വാങ്ങി നല്കിയിട്ടുണ്ട്. എന്നാൽ ആരോഗ്യപ്രവർത്തകർക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികസന ഫണ്ട് പയോഗിച്ചോ, അതേ നിബന്ധനകൾ പാലിച്ച് ചെലവഴിയ്ക്കേണ്ട മെയിന്റനൻസ് ഗ്രാന്റുപയോഗിച്ചോ ലാപ് ടോപ്പ് വാങ്ങുവാൻ സർക്കാർ അനുവാദമില്ല. 9.12.2004 ലെ ജി.ഒ.(എം.എസ്.)330/2004 തസ്വഭവ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയിലും,10.12.2010 ലെ ജി.ഒ.(എം.എസ്) 300/2010 തസ്വഭവ മാർഗ്ഗരേഖയിലും റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗത്തിൽ 25 പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മാർഗ്ഗരേഖ പുതുക്കിയതിലും പ്രസ്തുത ഇനം ഉൾപ്പെടുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ടുനല്കിയ എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവ് തുകയായ 64000 രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 <u>റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല</u>

റോഡ് പ്രവൃത്തികളിൽ സംരക്ഷണഭിത്തി കെട്ടുന്നതിനോടൊപ്പം ഉപരിതലം മണ്ണിട്ടുയർത്തുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്.റോഡ് മണ്ണിട്ടുയർത്തിയതിന് ശേഷം അതേ ഭാഗത്ത് ക്വാറിമക്ക് ഇടുന്നതായും കാണുന്നു. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലാണ് ക്വാറിമക്കിട്ടതായി പറയുന്നത്. ഐആർസി സ്പെസിഫിക്കേഷൻ പ്രകാരം വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മണ്ണിട്ടുയർത്തുകയും ഡ്രെയിനേജ് നിർമ്മിക്കുകയുമാണ് പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ളത് (IRC34-2011കാണുക). എന്നാൽ മണ്ണിട്ടുയർത്തിയതിന് മേൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല.ഗ്രാനലാർ സബ് ബേസ് (granular subbase)ആയിട്ടാണ് ക്വാറിമക്ക് ഉപയോഗിച്ചതെങ്കിൽ ആയത് ഗ്രേഡ് ചെയ്തിരിക്കണമെന്ന് ഐആർസി സ്പെസിഫിക്കേഷനിൽ പറയുന്നു.ക്വാറിമക്ക് ഗ്രേഡ് ചെയ്തിട്ടില്ലാത്തതിനാൽ ആ രീതിയിൽ ഉപയോഗിച്ചതിന് ആധികാരികതയില്ല.പഞ്ചായത്തിന് അധികച്ചെലവ് വരുന്ന മെറ്റീരിയൽ ഉപയോഗിക്കുന്നത് ശരിയായ രീതിയല്ല

മണ്ണിന് പകരം ക്വാറി മക്ക് ഉപയോഗിച്ചത് കാരണം പഞ്ചായത്തിന് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ വിവരം | ക്വാറിമക്കിട്ടതിന്റെഅളവും നൽകിയ തുകയും | ക്വാറിമക്കിന് പകരം മണ്ണിട്ടി രുന്നെങ്കിലുള്ള ചെലവ് | അധികച്ചെലവ്. |
|---|---|---|---|---|
| 1 | ഉള്ളൂർ കടവ്- പയഞ്ചേരി റോഡ് റീടാറിങ്ങ് S0073/15<br>ബിൽനം26/14-15 /26.3.15/ 923103/-രൂപ(വികസന ഫണ്ട്)<br>TS-AEE/PBP/125/ 14-15/17-09-14 | 20.64എം3@ 973/എം3 =20103/- രൂപ<br>എം. ബുക്ക്<br>15/14-15<br>പേജ്-1,34,35 | 20.64<br>എം3@ 2881/10എം3<br>(PWDനിരക്ക്) = 5946രൂപ | 20103-5946= 14157/-രൂപ |

| | | | | |
|---|---|---|---|---|
| 2 | മയങ്ങി ചാലിൽ കരിക്കാട്ട് കണ്ടി റോഡ് S0071/15<br>ബിൽനം17/14-15 /21.2.15/ 406011/-രൂപ(വികസന ഫണ്ട്)<br>TS-AEE/PBP/128/<br>14-15/19-09-14 | 57.60എം3@ 973/എം3 =56102/- രൂപ<br>എം. ബുക്ക്<br>5/14-15<br>പേജ്-14,25 | 57.60<br>എം3@ 2881/10എം3<br>(PWDനിരക്ക്) = 16595രൂപ | 56102-16595= 39507/-രൂപ |
| ആകെ അധികച്ചെലവ്. | | | | 53664 |

മേൽപറഞ്ഞ എല്ലാ പ്രവൃത്തികളിലും മണ്ണിട്ട് റോഡിന്റെ ഉപരിതലം ഉയർത്തിയ ഭാഗത്ത് തന്നെ ക്വാറിമക്കിട്ട് ഉപരിതലം ഉയർത്തുന്നത് ഐആർസി സ്പെസിഫിക്കേഷനിൽ ഇല്ലാത്തതാണ്. മണ്ണിട്ട് ഉയർത്തുന്നതിന് പകരം ഐ.ആർ.സി സ്പെസിഫിക്കേഷനിൽ ഇല്ലാത്ത ഇനവും അധികവിലയുള്ളതുമായ ക്വാറിമക്ക് ഉപയോഗിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്. . അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/15-16) ലഭ്യമാക്കിയ മറുപടിയിൽ ഗ്രഡേഷനുള്ള ക്വാറി മക്കാണ് ഉപയോഗിച്ചതെന്ന് പറയുന്നുണ്ടെങ്കിലും അതിനെ സാധൂകരിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ചെലവു തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 വാഹനത്തിന്റെ അനുബന്ധ സാമഗ്രികൾ അംഗീകൃത സ്ഥാപനത്തിൽ നിന്ന് വാങ്ങിയില്ല.

പ്രൊജക്ട് നം- എസ്.ഒ 027 / 2014-15 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് വാഹനം വാങ്ങൽ

അടങ്കൽ - 855047 രൂപ (വികസന ഫണ്ട് -ജനറൽ)

ചെലവ് – 714728/- ബിൽ നം – 3/14-15/17.7.14

– 140319/-ബിൽ നം-39/14-15/31.1.15

മേൽ പദ്ധതിയിൽ പ്രസിഡന്റിന് വേണ്ടി വാങ്ങിയ Mahindra Xylo D4 വാഹനത്തിന് അനുബന്ധ സാമഗ്രികൾ ഘടിപ്പിക്കുന്ന തിനായി ക്വട്ടേഷൻ ക്ഷണിച്ചു. IT Motors (p) Ltd, സ്പീഡ് ഉള്ളിയേരി, ഫാസ്റ്റ് ട്രാക്ക് കൊയിലാണ്ടി എന്നീ 3 സ്ഥാപനങ്ങൾ ക്വട്ടേഷനിൽ പങ്കെടുത്തു. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ IT Motors (p) Ltdഎന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു.

ഇത് പ്രകാരം സാധനങ്ങൾ വാങ്ങിയത് താഴെ പറയുംപ്രകാരമാണ്.

| വാങ്ങിയ സാധങ്ങൾ | വില |
|---|---|
| ULF bullbar | 6800 |

| | |
|---|---|
| Reverse Sensor | 4800 |
| Rain visor | 1500 |
| Seat cover | 6500 |
| Horn | 2900 |
| Fog lamp | 3000 |
| scalf paltes | 1000 |
| Sony stereo&2speaker | 8500 |
| Side moulding | 4800 |
| 3 M compo | 6200 |
| PVC mat | 2500 |
| ആകെ 48500 | |

ഫയൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ താഴെ പറയുന്നു.

1. സെക്രട്ടറി 1-09-2014 ലെ 1351/2014 നമ്പർ ഉത്തരവ് നടപടിയിലൂടെ 48500 രൂപ പിൻ വലിച്ച് IT Motors (p) Ltd എന്ന സ്ഥാപനത്തിന് നൽകുന്നതിനായി രശീതിയുടെ അടിസ്ഥാന ത്തിൽ ഡ്രൈവർ ശ്രീ.പ്രേമരാജനെ ഏൽപ്പിക്കുകയാണ് ചെയ്തത്. സ്ഥാപനത്തിന് ഡി.ഡി യായി തുക നല്കണം എന്ന നിയമം ലംഘി ച്ച് പണം പിൻവലിച്ച് ഡ്രൈവറെ ഏൽപ്പിച്ചതെന്തിനെന്ന് വ്യക്തമല്ല.

2. സമർപ്പിച്ചിട്ടുള്ള ക്വട്ടേഷൻ ഡിറ്റി പി പ്രിന്റ് ചെയ്തിട്ടുള്ളതും, ടിൻ നമ്പർ, വാറ്റ് റജിസ്ട്രേഷൻ നമ്പർ, എന്നിവ രേഖപ്പെടിത്തിയിട്ടില്ലാത്തതുമാണ്.സ്ഥാപനം ക്രമ പ്രകാരമുള്ള ബിൽ (form-8B).സമർപ്പിച്ചിട്ടില്ല.കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ.12 പ്രകാരം സാധനം വാങ്ങുമ്പോൾ സർക്കാരിലേക്ക് അടയ്ക്കേണ്ട വാറ്റ് സാധനത്തിന്റെ വിലയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്. ഈ തുക സർക്കാരിലേക്ക് അടവാക്കിയെന്ന് നിർവഹണോദ്യാഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. വിതരണക്കാരൻ ഇൻവോയിസ് (തിയ്യതി 25.08.2014) ആയി നല്കിയ പേപ്പറിൽ 48500/-രൂപ ഈടാക്കിയതിൽ വാറ്റ് ഇനം തിരിച്ച് കാണിച്ചിട്ടില്ല. വാറ്റിന ത്തിൽ സർക്കാരിലേക്ക് തുക അടവാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ ഇൻവോയിസിൽ ടിൻ നമ്പർ രേഖപ്പെടുത്തിയിട്ടില്ല .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/15-16) മറുപടി

ലഭ്യമാക്കിയിട്ടില്ല. ചെലവു തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- ഗ്രാമ പഞ്ചായത്തിന്റെ അടങ്കലിനേക്കാൾ തുക ചെലവഴിച്ചു

പ്രൊജക്ട് നം. : S0026/16

അടങ്കൽ : 6,00,000/-(വികസന ഫണ്ട് ജനറൽ)

ചെലവ് : 4,99,026/-(ബിൽനം. 01/16 തീ. 15.03.2016)

ശിശുവികസന ഓഫീസർ നിർവ്വഹണം ചെയ്ത പദ്ധതി പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിനായി വകയിരുത്തിയതാണ് മേൽ തുക. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമ പഞ്ചായത്തിന്റെ പേര് | പ്രൊജക്ട് നം | ഗ്രാമ പഞ്ചായത്ത് ബ്ലോക്ക് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ തുക | |
|---|---|---|---|---|---|
| | | | | വകയിരുത്തിയത് | ചെലവഴിച്ചത് |
| 1 | ചേമഞ്ചേരി | S0020/16 | 1,50,000 | 1,50,000 | 1,27,175 |
| 2 | ചെങ്ങോട്ടുകാവ് | S0090/16 | 1,25,000 | 1,50,000 | 1,40,900 |
| 3 | അത്തോളി | S0018/16 | 1,00,000 | 1,00,000 | 94,850 |
| 4 | അരിക്കുളം | S0022/16 | 50,000 | 50,000 | 44,125 |

ഇവയിൽ, ക്രമ നം(2) പ്രകാരമുള്ള ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ട് പ്രകാരം ബ്ലോക്ക് വിഹിതമായി വകയിരുത്തിയിരിക്കുന്നത് 1,25,000/- രൂപയാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറുന്നതിനായി 15,900/- രൂപ കൂടുതലായി ഉൾപ്പെടുത്തി 1,40,900/- രൂപ ചെലവഴിച്ചിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, ഗ്രാമ പഞ്ചായത്തിന്റെ അടങ്കലിനേക്കാൾ കൂടുതലായി ചെലവഴിച്ച 15,900/- രൂപ പലിശ സഹിതം തിരികെ അടവാക്കേണ്ടതാണ്.

## 3-5 പത്ര പരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു.

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ പദ്ധതികളുടെ പരസ്യം പത്രങ്ങളിൽ നല്കുന്നതിന് പണം ചെലഴിച്ചിട്ടുണ്ട് . ഇതിനായി സമർപ്പിച്ചിട്ടുള്ള ബില്ലുകൾ പരിശോധിച്ചതിൽ പത്രപരസ്യത്തിന് അധിക നിരക്ക് നൽകിയിട്ടുണ്ട്. ജി.ഒ.(ആർടി.)1/11/ I & PRD/04-01-11, ജി.ഒ.(ആർടി.)253/13/ I & PRD/11-06-13, ജി.ഒ.(ആർടി.)1/13/ I&PRD/22-01-13 എന്നീ ഉത്തരവുകൾ പ്രകാരം ABC സർക്കുലേഷനിലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം പരസ്യത്തിന്റെ ഉയരം സെന്റീമീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇവിടെ പരസ്യത്തിന്റെ വീതിയും സെന്റീമീറ്ററിലാണ് കാണിച്ചിട്ടുള്ളത്. ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് മലയാള പത്രങ്ങൾ പരസ്യ ചെലവിൽ 15% ഇളവ് അനുവദിക്കണമെന്നുണ്ട്. ഈ ഇളവും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പത്രം , തീയതി | അനുവദിച്ചതുക |
|---|---|---|

| | | |
|---|---|---|
| 1 | മാതൃഭൂമി പത്രം<br>13-11-2014 | 8 സെ.മീ.വീതി x5സെ.മീ. നീളം<br>= 40x165(നിരക്ക്) =6600 രൂപ |
| 2 | ദേശാഭിമാനി പത്രം<br>11-11-2014 | 8 സെ.മീ. വീതി x 8സെ .മീ. നീളം<br>=64x 80(നിരക്ക്)<br>=5120 രൂപ |
| 3. | ദേശാഭിമാനി പത്രം<br>25-02-2015 | 8 സെ.മീ. വീതി x 6സെ .മീ. നീളം<br>=48x 80(നിരക്ക്)<br>=3840 രൂപ |
| 4 | ദേശാഭിമാനി പത്രം<br>01-06-2014 | 8 സെ.മീ. വീതി x 6സെ .മീ. നീളം<br>=48x 80(നിരക്ക്) =3840 രൂപ |

നിബന്ധനകൾ പാലിക്കാതെ പരസ്യ ചാർജ്ജിനത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേയ്ക്ക് അലമാര വാങ്ങൽ-അധിക വില അനുവദിച്ചു

നിർവ്വഹണഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 69/14

അടങ്കൽ : 48726 (വികസന ഫണ്ട്)

ചെലവ് തുക : 48726 ബിൽ നം. 26/31-12-14

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് അലമാരകൾ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയിൽ നിന്നും വാങ്ങുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്.

ജി.ഒ (ആർ.ടി) 64/13/spd/23-11-13 ,ജി.ഒ (ആർ.ടി) 65/13/spd/23-11-13 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം സിഡ്കോയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ ഫർണിച്ചറുകൾ തദ്ദേശ ഭരണ സ്ഥാനത്തിലേയ്ക്ക് വാങ്ങുന്നതിന് അനുവാദം നൽകുകയും വിവിധ സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചറുകളുടെ വില നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്

ബില്ലുകൾ പരിശോധിച്ചപ്പോൾ ഫർണിച്ചറുകൾക്ക് അധിക വില അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | ഇനം | അനുവദിച്ച തുക | അർഹതയുള്ള വില | അധികം അനു വദിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | Teak wood almirah | 23805 | 21656 | 23805-21656=2149 | ഗ്ലാസ് ഷട്ടർ ഉള്ള അലമാര |

| | | | | | |
|---|---|---|---|---|---|
| | 180X90X45cm | | | | യുടെ വില (ക്രമ നമ്പർ 17)എടുത്തതിനാലാണ് അധിക വില നൽകിയത് |
| 2 | Steel almirah with 4 fixed Shelf 78X36X19"(20 G) | 8470 | 7470 | 8470-7470=1000 | തെറ്റായ വില അനുവദിച്ച |

കൂടാതെ അലമാര ഇറക്കിയതിന് 1500 രൂപ യാത്രാക്കൂലി നൽകിയത് അംഗീകരിയ്ക്കാനാകില്ല

അധികം ചെലവഴിച്ച തുക -4649

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 4649 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം - 31/16

അടങ്കൽ - 1300000

ചെലവ് – 590000

(ബിൽ നം-1/2015-16 തീ.29.02.2016- 210000,നം-2/2015-16 തീ.01.03.2016- 150000, നം-3/2015-16 തീ.27.03.2016- 30000, നം-4/2015-16 തീ.29.03.2016- 200000)

നിർവ്വഹണ ഉദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദ ബിരുദാനന്തര കോഴ്സുകൾക്കും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നിലവിലെ വീടിനോട് ചേർന്ന് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 15-02-2016 തീയതിയിലെ സ.ഉ. 626/16/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത ഉത്തരവിൽ നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 800 ചതുരശ്രയടി കവിയരുതെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച രേഖകളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിസൂക്ഷിച്ചതായി കാണുന്നില്ല.

വി.കെ.രാജൻ ,പുതിയെടുത്ത് എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ ബിൽഡിംഗ് പ്ലാനിന്റെ പകർപ്പ് പരിശോധിച്ചതിൽ ഗുണഭോക്താവിന്റെ നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 800 ചതുരശ്ര അടിയിൽ കൂടുതലാണെന്ന് കാണുന്നു.മറ്റുള്ള ഗുണഭോക്താക്കളുടെ അപേക്ഷകളിൽ വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച രേഖകൾ ലഭ്യമല്ലാത്തതിനാൽ ഗുണഭോക്താക്കളുടെ അർഹത പരിശോധനക്ക് വിധേയമാക്കാൻ സാധിച്ചിട്ടില്ല.ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ വീടിന്റെ വിസ്തീർണ്ണം പരിഗണിക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 18-02-2017 തീയതിയിലെ 30/15-16 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി

ലഭ്യമാക്കിയിട്ടില്ല.ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ പരിശോധനക്ക് വിധേയമാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ചവരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രീതിയിൽ അപാകത

പ്രൊജക്ട് നമ്പർ - 79/15

അടങ്കൽ - 754200

ചെലവ് – 299200(ബിൽ നം-1/2014 തീ.27.03.2015)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം പദ്ധതി പ്രകാരം 11 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ വീഴ്ചയുണ്ടായി. ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കുന്നതിന് പകരം പത്രപരസ്യം നൽകി അപേക്ഷ ക്ഷണിച്ചാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത്. ലാപ് ടോപ്പ് വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിച്ചതിന് ശേഷമാണ് ഗുണഭോക്തൃ പട്ടികക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കിയത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലെ നടപടിക്രമങ്ങളിലുണ്ടായ വീഴ്ച വിശദീകരിക്കണമെന്നാവശ്യപ്പെട്ട് 18-02-2017 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 29/15-16ന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന നടപടിക്രമങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ചവരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 299200 രൂപയുടെ പദ്ധതി ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-9 ജില്ലാ പ്ളാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം - നൽകിയ തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല

പ്രോജക്ട് നമ്പർ - എസ്. 0010/16 – ജില്ലാ പ്ളാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം – വിഹിതം നൽകൽ

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 2,00,000/ രൂപ ( വികസന ഫണ്ട് )

ചെലവ് - 2,00,000/ രൂപ ( ബിൽ നം. 27/15-16 തീയതി 18.1.16 )

ജില്ലാ ആസൂത്രണസമിതി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി 2,00,000/ രൂപ 27.1.16 ന് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിക്ക് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകക്കുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-10 പത്ര പരസ്യത്തിന് തുക നൽകുന്നതിന് 9216/- രൂപ പിൻവലിച്ചു - തുക കൈപ്പറ്റിയതിന് രേഖയില്ല

വൗച്ചർ നമ്പർ - 21500376/ 10.09.2015

ട്രഷറി ചെക്ക് നമ്പർ – 0096157/10.09.2015

പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ പരസ്യം മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ചതിന് ചെലവഴിച്ച തുക മാതൃഭൂമിക്ക നൽകുന്നതിനായി 9216/- രൂപ പിൻവലിച്ചിട്ടുണ്ട്. മാതൃഭൂമിയുടെ ബില്ല്, പരസ്യം പ്രസിദ്ധീകരിച്ച പത്രത്തിന്റെ പകർപ്പ്, തുക കൈപ്പറ്റിയതിന്റെ രേഖ എന്നിവ ഫയലിൽ ഇല്ല. മാതൃഭൂമി അനുവദനീയമായ ഡിസ്കൗണ്ട് നൽകിയിട്ടുണ്ടോയെന്നതും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, മാതൃഭൂമി അനുവദനീയമായ ഡിസ്കൗണ്ട് നൽകിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം അറിയിക്കേണ്ടതുമാണ്. രേഖകളില്ലാതെ ചെലവഴിച്ച 9,216/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 തുടർ വിദ്യാകലോത്സവം- വിനിയോഗ വിവരം ലഭ്യമായില്ല

സർക്കാർ ഉത്തരവ് 757/15തസ്വഭവ തീ 16.02.2016 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സംസ്ഥാന തുടർവിദ്യാഭ്യാസ കലോത്സവത്തിന്റെ മുന്നോടിയായി നടത്തുന്ന ജില്ലാതല തുടർവിദ്യാകലോത്സവം 2015 ന്റെ നടത്തിപ്പിനായി അതത് ജില്ലാതല സാക്ഷരതാമിഷൻ അതോറിറ്റിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും കമ്മറ്റി തീരുമാനത്തിനു വിധേയമായി പരമാവധി 3000/- രൂപ വരെ സംഭാവന നൽകുന്നതിന് അനുമതിയുണ്ട്.

ഇതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ 21500061/21.04.2015 നം വൗച്ചർ പ്രകാരം സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർക്ക് 3000/- രൂപ(ട്രഷറി ,ചെക്ക് നം. 2688818/21.04.2015) കൈമാറിയിട്ടുണ്ട്. ജില്ലാ സാക്ഷരതാ മിഷൻ, കോഴിക്കോട്- ന്റെ 29.04.2015 ലെ 353 നം. രശീതി പ്രകാരം സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർ തുക കൈപ്പറ്റിയിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം ജില്ലാതല സാക്ഷരതാമിഷൻ സംഭാവന നൽകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമായിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(15/17.02.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-12 തപാൽ സ്റ്റാമ്പ് വാങ്ങൽ– സ്റ്റാമ്പ് വാങ്ങിയത് അക്കൗണ്ടിൽ വരവ് വെച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ തപാൽ സ്റ്റാമ്പുകൾ തീർന്നതായും, സ്റ്റാമ്പ് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ശ്രീമതി. രാധാമണി എൻ.കെ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് 29.09.2015 തീയതിയിൽ അപേക്ഷിക്കുകയുണ്ടായി. എത്ര രൂപയുടെ സ്റ്റാമ്പുകൾ ആവശ്യമുണ്ടെന്ന ഡിനോമിനേഷൻ, അവയുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ടിയാരിയുടെ അപേക്ഷ പ്രകാരം ആവശ്യമായ തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് 29.09.2015 ലെ ഭരണസമിതി തീരുമാനമെടുക്കുകയും, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 13.10.2015 ലെ എ.730/15 ഉത്തരവ് പ്രകാരം 3000/-രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.

തപാൽ സ്റ്റാമ്പുകൾ വാങ്ങിക്കുന്നതിനായി 0096182/17.10.2015 നം. ട്രഷറി ചെക്ക് പ്രകാരം 3000/- രൂപ സെൽഫ്

ചെക്കായി പിൻവലിച്ചു. എന്നാൽ സ്റ്റാമ്പ് വാങ്ങിയതിന് പോസ്റ്റോഫീസിൽ നിന്നുള്ള രശീതി ഫയലിൽ ഇല്ല. ഇത് സംബന്ധമായ വിവരങ്ങൾ സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(16/17.02.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകളുടെ അഭാവത്തിൽ, സ്റ്റാമ്പ് വാങ്ങുന്നതിനായി ചെലവഴിച്ച 3,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2014-15 വർഷം കൃഷി അസിസ്റ്റന്റ് ഡയറക്ടർ വിവിധ പഞ്ചായത്തുകൾക്ക് നല്കിയ ബ്ലോക്ക് വിഹിതത്തിന് സാംഖ്യ രസീതുകൾഹാജരാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ചെങ്ങോട്ടുകാവ് – 5940/-

അരിക്കുളം – 27000/-

ചേമഞ്ചേരി – 18000/-

മൂടാടി - 30000/-

അത്തോളി -13500/-

2.<u>കാർഷിക യന്ത്രവൽക്കരണം ബ്ലോക്ക് വിഹിതം</u>

പ്രോജക്റ്റ് നം-എസ്0030/15

അടങ്കൽ -396852/-(വികസന ഫണ്ട്)

-292000/-(മറ്റുള്ളവ)

-------------------------------

688852/-

ചെലവ്- 380000/-4/14-15/18.2.2015

16852/- 5/14-15/28.2.2015

ചെങ്ങോട്ടുകാവ് ,അരിക്കുളം, ചേമഞ്ചേരി, മൂടാടി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 96852/-,100000/--, 100000/-,100000/-തുക പ്രസ്തുത പദ്ധതികൾക്കായി നല്കിയിട്ടുണ്ട്. ചെങ്ങോട്ട്കാവ് പഞ്ചായത്ത് 92240/-രൂപ ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. ബാക്കിതുക 4612/- രൂപ തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല .മേൽ പഞ്ചായത്തും, മറ്റു മൂന്നു പഞ്ചായത്തുകളും,ബ്ലോക്ക് വിഹിതം സ്വീകരിച്ചതിനു സാംഖ്യ രസീതുകൾ ഹാജരാക്കിയിട്ടില്ല. മേൽ തുകകൾ അതാതു പഞ്ചായത്തുകളിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

3.<u>കാർഷികവികസന പഠനറിപ്പോർട്ട്</u>

പ്രോജക്റ്റ് നം - എസ് 0031/15

അടങ്കൽ - 350,000/-വികസന ഫണ്ട്-300000/-,50000,-തനതുഫണ്ട്.

ചെലവ് – 300000/- ബിൽ നം-1/14-15/22.15

പന്തലായനി ബ്ലോക്കിൽ ഏറ്റവും കൂടുതൽ നെൽകൃഷി ചെയ്തുകൊണ്ടിരിയ്ക്കുന്ന അരിക്കുളംഗ്രാമപഞ്ചായത്തിലെ

വെളിയന്നൂർ ചെല്ലി പാടശേഖരം, മൂടാടി ഗ്രാമപഞ്ചായത്തിലെ ചാക്കര പാടശേഖരം,ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിലെകൊണ്ടംവള്ളി പാടശേഖരം, അത്തോളി ഗ്രാമപഞ്ചായത്തിലെ കുമുള്ളി കൊളക്കാട്ട്, മറ്റ് പാടശേഖരങ്ങളെയും കൂടി ഉൾപ്പെടുത്തി വർഷങ്ങളായി തരിശുകിടക്കുന്ന പാടശേഖരങ്ങൾ, വെള്ളക്കെട്ട്, നടപ്പാതകളുടെ അഭാവം, തോടുകളുടെ അഭാവം എന്നീ വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിയ്ക്കുന്ന പാടശേഖരങ്ങളെ തെരഞ്ഞെടുത്ത് അവയുടെ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് ലക്ഷ്യമിട്ട പദ്ധതിയാണിത്. ഇതുപ്രകാരം സി.ഡബ്ള്യു ആർ.ഡി.എം ന്2013-14 വർഷം-2,50,000/-(ബിൽനം-1/13-14/13.2.2013)രൂപയും, 2014-15 വർഷം 300000/-(ബിൽ നം-1/14-15/22.1.2015)ആയി 5,50,000/- രൂപ നല്കുകയും, സ്ഥാപനം പഠനറിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2013- 14 വർഷം 2,50,000/- ചെലവഴിയ്ക്കുന്നതിന് മാത്രമാണ് മുൻകൂറായി സംസ്ഥാന കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ ആയതിനോ, ഈ പദ്ധതിയ്ക്കു തന്നെയോ സർക്കാരനുമതി ലഭ്യമായതായി ഹാജരാക്കിയ ഫയലിൽ കാണുന്നില്ല. കൂടാതെ 2015-16 വർഷമോ, തുടർന്നുള്ള വർഷങ്ങളിലോ തുടർപ്രവർത്തനങ്ങൾക്കുതകുന്ന വിധത്തിൽ പദ്ധതികൾ രൂപീകരിച്ചതായി കാണുന്നില്ല. പഠനറിപ്പോർട്ട് ആധാരമാക്കി അംഗീകൃതപദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ ഭരണസമിതിയും മറ്റ്പഞ്ചായത്ത് ഭരണസമിതികളും ചേർന്ന് സ്വീകരിക്കേണ്ടതാണ്.

1.<u>സമഗ്ര നെൽകൃഷി വികസനം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കൽ</u>

പ്രോജക്റ്റ് നം – എസ്0029/15

അടങ്കൽ – 649600/ -(94440-വികസന ഫണ്ട്),(555160-മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം )

ചെലവ് -13500/-ബിൽ നം-2/14-15/ .2.15,

ചെലവ് – 80940/- ബിൽനം-3/14-15/18.2.15

പ്രസ്തുത പ്രോജക്റ്റിന്റെ ഭാഗമായി താഴെ കൊടുത്തിട്ടുള്ള പ്രകാരം പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും സാംഖ്യ രസീതുകൾ ഹാജരാക്കിയിട്ടില്ല.

## 3-14 <u>3 ദിവസത്തെ പരിശീലനത്തിന് ടൈപ്പിസ്റ്റിന്റെ ഒഴിവിലേക്ക് താത്കാലിക നിയമനം</u>

പന്തലായനി ബ്ലോക്ക് പഞ്ചായത്തിലെ ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. എൻ.കെ.രാധാമണി എന്നവർ 08.07.2014 മുതൽ 11.07.2014 വരെയുള്ള തീയതികളിൽ തളിപ്പറമ്പിലെ വികസന പരിശീലന കേന്ദ്രത്തിൽ പരിശീലനത്തിന് പോയ കാലയളവിൽ 3 ദിവസത്തേക്ക് ശ്രീമതി.ജീജ സുഗതൻ എന്നവരെ 350 രൂപ നിരക്കിൽ ദിവസകൂലിക്ക് നിയമിച്ച് 1050 രൂപ വേതനം നൽകിയതായി കാണുന്നു.( വൗച്ചർ നം.21400215 തീ. 24.07.2014ചെക്ക് നം.2714576 തീ.21.07.2014). ഇത്തരത്തിൽ ചട്ടവിരുദ്ധമായി നിയമനം നടത്തി വേതനം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 27/15-16തി. 18-02-2017) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.ടൈപ്പിസ്റ്റ് പരിശീലനത്തിന് പോയ ഹ്രസ്വകാലയളവിലേക്ക് താത്കാലിക നിയമനം നടത്തിയതിന്റെ അനിവാര്യത ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ജീജ സുഗതൻ എന്നവർക്ക് വേതനമായി അനുവദിച്ച് 1050 രൂപ തടസ്സപ്പെടുത്തുന്നു.

## **3-15** അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ - തുക ചെലവഴിക്കുകയോ തിരികെ അടവാക്കുകയോ ചെയ്തില്ല

നിർവ്വഹണം : സി.ഡി.പി.ഒ

പ്രൊജക്ട് നമ്പർ : S0023/15

അടങ്കൽ : 74,000/-(വികസന ഫണ്ട് ജനറൽ)

ചെലവ് : 74,000/-(ബിൽ നം. 07/14-15 തീ. 30.03.2015)

ബ്ലോക്ക്പഞ്ചായത്തിനു കീഴിലെ മൂടാടി ഗ്രാമപഞ്ചായത്തിന്റെ കോടിയോട്ട് വയൽ അംഗൻവാടിക്ക് (115 നം) സ്ഥലം വാങ്ങുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.03.2015 ലെ എ2-1921/14 നം അപേക്ഷയുടെ അടിസ്ഥാനത്തിൽ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് ശിശുവികസന പദ്ധതി ഓഫീസറുടെ ഉത്തരവ് നം S0023/15 തീ. 30.03.2015 പ്രകാരം തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു(ചലാൻ നം 103/30.03.2015). എന്നാൽ ഓഡിറ്റ് തീയതി വരെയും തുക ചെലവഴിക്കുകയോ, ചെലവഴിക്കാത്ത പക്ഷം തുക തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല.

ഇക്കാര്യം പരാമർശിച്ചുകൊണ്ട് ശിശുവികസന ഓഫീസർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയതിന്(23/15 തീ. 01.04.2015) ലഭ്യമാക്കിയ മറുപടിയിൽ "ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ അംഗൻവാടി സ്ഥലം വാങ്ങൽ പദ്ധതിയ്ക്ക് വേണ്ടി ലഭ്യമായ ബ്ലോക്ക് വിഹിതം 74,000/- രൂപ വി.പി.എഫ്.എ അക്കൗണ്ടിൽ വകയിരുത്തിയിട്ടുണ്ടെന്നും ടി തുക നാളിതുവരെ ചെലവഴിച്ചിട്ടില്ലെന്നും " പരാമർശിക്കുന്നു (A2-5531/15 തീ. 18.09.2015).

ഇത് സംബന്ധമായ തുടർനടപടികൾ സ്വീകരിക്കാത്തതിനെ തുടർന്ന് 11.03.2016, 31.10.2016 തീയതികളിൽ ശിശുവികസന ഓഫീസർ കത്ത് നൽകിയെങ്കിലും നടപടികൾ ഉണ്ടായില്ല.

തുക കൈപ്പറ്റിയത് സംബന്ധമായ രശീതി, തുക ചെലവഴിച്ചെങ്കിൽ ധനവിനിയോഗ സർട്ടിഫിക്കറ്റ്, സെക്രട്ടറിയുടെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്തത് പ്രകാരമുള്ള ആധാരത്തിന്റെ പകർപ്പ് , ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് എന്നിവയും ഹാജരാക്കേണ്ടതും, അല്ലാത്തപക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## **3-16** നിയമാനുസൃതമല്ലാതെ ഡ്രൈവർ തസ്തികയിൽ നിയമനം

2014-15 വർഷത്തിൽ പ്രസിഡന്റിന് വേണ്ടി വാങ്ങിയ Mahindra Xylo D4 വാഹനത്തിലേയ്ക്ക് ഡ്രൈവറെ നിയമിക്കുന്നതിന് വേണ്ടി ബ്ലോക്ക് പഞ്ചായത്ത് പത്രപരസ്യം നല്കി ഇന്റർവ്യൂ നടത്തി നിയമനം നടത്തിയിട്ടുണ്ട്.

1997 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം)ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജിവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ച കൊണ്ട്, ആ ഒഴിവിൽ

(എ) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ

(ബി) എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ

സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

ഇവിടെ പഞ്ചായത്ത് ഭരണസമിതി സ്വയം തീരുമാനമെടുത്ത് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുകയാണുണ്ടായത്. സർക്കാരിന്റെ അനുമതിയില്ലാതെ അനധികൃത നിയമനങ്ങൾ നടത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/15-16) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-17 മസ്റ്റർറോൾ ഇല്ലാതെ ഡ്രൈവർക്ക് വേതനം നൽകുന്നു

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനത്തിന്റെ (കെ.എൽ. 56 കെ. 2464)ഡ്രൈവറായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ. അഖിൽ. വി എന്നവർക്ക് മസ്റ്റർറോൾ ഇല്ലാതെയാണ് പ്രതിമാസ വേതനം നൽകി വരുന്നത്. 2015-16 വർഷത്തിൽ വേതനം നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| മാസം | വൗച്ചർ നം, തീയതി | തുക |
|---|---|---|
| മാർച്ച് 2015 | 21500016/07.04.2015 | 25 x 450 = 11,250 |
| ഏപ്രിൽ 2015 | 21500081/04.05.2015 | 20 x 450 = 9,000 |
| മെയ് 2015 | 21500172/03.06.2015 | 24 x 450 = 10,800 |
| ജൂൺ 2015 | 21500229/03.07.2015 | 20 x 450 = 9,000 |
| ജൂലായ് 2015 | 21500307/04.08.2015 | 26 x 450 = 11,700 |
| ആഗസ്റ്റ് 2015 | 21500368/04.09.2015 | 19 x 450 = 8,550 |
| സപ്തംബർ 2015 | 21500427/03.10.2015 | 20 x 450 = 9,000 |
| ഒക്ടോബർ 2015 | 2150047/20.10.2015 | 7 x 450 = 3,150 |
| നവംബർ 2015 | 21500508/21.11.2015 | 29 x 450 = 13,050 |
| ഡിസംബർ 2015 | 21500537/01/12.2015 | 14 x 450 = 6,300 |
| ജനുവരി 2016 | 21500620/08.02.2016 | 29 x 450 = 13,050 |
| ഫെബ്രുവരി 2016 | 21500790/10.03.2016 | 21 x 450 = 9,450 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(17/17.02.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-18 വാഹന ഉപയോഗം - മാർഗനിർദേശങ്ങൾ പാലിക്കുന്നില്ല

ഓഡിറ്റ് കലയളവിൽ ബ്ലോക്ക്പഞ്ചായത്തിൽ രണ്ടു വാഹനങ്ങളാണുണ്ടായിരുന്നത്. KL 56 D 9999 നമ്പർ ബൊലേറോ ജീപ്പ്, ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ ഉപയോഗത്തിനായി വാങ്ങിയ (08/2014)KL 56 K 2464 നമ്പർ Xylo എന്നിവ. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്)170/07 തഭവ തീ. 30.6.07 നമ്പർ ഉത്തരവു പ്രകാരമുള്ള മാർഗ രേഖയിലെ പല വ്യവസ്ഥകളും ഈ വാഹനങ്ങളുടെ ഉപയോഗത്തിൽ പാലിക്കപ്പെടുന്നില്ലെന്ന് കാണുകയുണ്ടായി. ഇതു സംബന്ധിച്ച പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1. എല്ലാ തവണയും ഫുൾ കപ്പാസിറ്റി ഇന്ധനം നിറയ്ക്കുന്നില്ല.

2. നിരവധി റിപ്പയർ പ്രവൃത്തികൾ ചെയ്യിക്കുന്നുണ്ടെങ്കിലും അവയുടെ കൃത്യമായ വിവരം രേഖപ്പെടുത്തുന്ന റിപ്പയർ രജിസ്റ്റർ, വാങ്ങിയ സ്പെയർ പാർട്സുകളുടെ വിവരം, കൈയൊഴിഞ്ഞ സ്പെയർ പാർട്സുകളുടെ വിവരം എന്നിവ കാണിക്കുന്ന റജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തന്മൂലം വാഹനങ്ങളുടെ ശരിയായ സംരക്ഷണം ഉറപ്പുവരുത്തുന്നത് പരിശോധിക്കുക സാധ്യമല്ല.

3. ഏതെങ്കിലും വാഹനത്തിന് അടിയന്തരമായി അറ്റകുറ്റപ്പണി ആവശ്യമായാൽ അത് സംബന്ധിച്ച റിപ്പോർട്ട് ഡ്രൈവർ, കസ്റ്റോഡിയൻ ഓഫീസർക്ക് നേരിട്ടോ ബന്ധപ്പെട്ട എഞ്ചിനീയർ മുഖേനയോ നൽകേണ്ടതും, ചെലവ് 2000/- രൂപ മുതൽ 10,000/- രൂപ വരെയാണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ സർക്കാർ അംഗീകൃത വർക്ക്ഷോപ്പ് മുഖേന തദ്ദേശഭരണ കമ്മറ്റിയുടെ അംഗീകാരത്തോടെ ചെയ്യിക്കാവുന്നതാണ്. എന്നാൽ അംഗീകാരമില്ലാത്ത വർക്ക്ഷോപ്പിൽ പണി ചെയ്യിപ്പിക്കുന്നത് ഒരു പൊതു സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്. ഇത്തരം കാര്യങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനങ്ങളുടെ ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ പലതും സർക്കാർ അംഗീകാരമില്ലാത്ത വർക്ക്ഷോപ്പുകളിൽ നിന്നും നിർവ്വഹിച്ചതായി കാണുന്നു. ഉദാ:-ആതിര സർവ്വീസ് സ്റ്റേഷൻ, കൊയിലാണ്ടി, ഗ്രാന്റ് മോട്ടോഴ്സ്, കൊയിലാണ്ടി. ഈ സ്ഥാപനങ്ങളെ ക്വട്ടേഷൻ നടപടിക്രമം പാലിച്ച് തെരഞ്ഞെടുത്തത് എഗ്രിമെന്റ് ചമച്ചതായി കാണുന്നില്ല.

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഔദ്യോഗികാവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളുവെന്ന് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിനായി യാത്രയുടെ ഉദ്ദേശ്യം ലോഗ് ബുക്കിൽ ചേർക്കേണ്ടതാണ്. എന്നാൽ KL 56 K 2464 വാഹനത്തിന്റെ എല്ലാ യാത്രകളുടെ കാര്യത്തിലും ഇപ്രകാരമുള്ള വിവരങ്ങൾ ചേർക്കുന്നില്ല. വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി അവയുടെ ഉപയോഗം ക്രമപ്രകാരമാണെന്ന് പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ആയതു സംബന്ധിച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ഉദ്ദേശ്യം രേഖപ്പെടുത്താത്ത കേസുകളിലും സെക്രട്ടറി ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ച അപാകതകൾക്കു വിശദീകരണം നൽകേണ്ടതും, വാഹന ഉപയോഗം, സംരക്ഷണം എന്നിവ സംബന്ധിച്ച മാർഗനിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 3-19 ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിൽ 40.47 ലിറ്റർ ഡീസൽ അഡ്ജസ്റ്റ്

ചെയ്യു.

പന്തലായനി ബ്ലോക്ക് പഞ്ചായത്തിലെ KL-56-D 9999 നമ്പർ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിൽ 07-08-2014 തീയതിയിൽ വെള്ളം കലർന്ന് ഉപയോഗരഹിതമായെന്ന കാരണം രേഖപ്പെടുത്തി 40.47 ലിറ്റർ ഡീസൽ അഡ്ജസ്റ്റ് ചെയ്തതായി കാണുന്നു. ഡീസലിൽ വെള്ളം കലരാനുണ്ടായ കാരണവും കാരണക്കാർക്കെതിരെ സ്വീകരിച്ച നടപടികളും വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 40.47 ലിറ്റർ ഡീസലിൽ വെള്ളം കലർന്നതിന് കാരണക്കാരായവരിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് ഉണ്ടായ നഷ്ടം ഈടാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും അലംഭാവം ഉണ്ടായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-20 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ - തുക അക്കൗണ്ട് ചെയ്തതിന്റെ രശീതി നൽകുന്നില്ല

ശിശു വികസന ഓഫീസർ നിർവ്വഹണം ചെയ്ത വിവിധ പദ്ധതികളിൽ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്ന പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് തുക അക്കൗണ്ട് ചെയ്തത് സംബന്ധമായ രശീതി (സാംഖ്യ ക്യാഷ് രശീതി) ഹാജരാക്കുന്നതിന് പകരം സൂചിക പ്രകാരമുള്ള ഇൻവാർഡ് നം രേഖപ്പെടുത്തിയ രശീതാണ് നൽകിയിരിക്കുന്നത്. (അരിക്കുളം ഗ്രാമപഞ്ചായത്ത് ഒഴികെ). വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റിന്റെ പേര്, നം | വിഹിതം കൈപ്പറ്റിയ ഗ്രാമപഞ്ചായത്തുകൾ | വിഹിതമായി നൽകിയ തുക | ചെക്ക്/ഡിഡി/ ചലാൻ നം |
|---|---|---|---|---|
| 1 | വികലാംഗ സഹായ ഉപകരണങ്ങൾ S0024/15 | അരിക്കുളം | 3,76,000 | 954962/30.03.2015 |
| | | മൂടാടി | 2,00,000 | 204/27.02.2015 |
| | | ചെങ്ങോട്ടുകാവ് | 1,00,000 | 264/27.02.2015 |
| 2 | വികലാംഗർക്ക് സ്കോളർഷിപ്പ് S0036/15 | അത്തോളി | 66,500 | 107/24.01.2015* |
| | | അരിക്കുളം | 33,250 | 954138/03.02.2015 |
| | | ചേമഞ്ചേരി | 1,24,000 | 107/24.01.2015* |
| | | മൂടാടി | 3,58,974 | 206/27.02.2015 |
| | | ചെങ്ങോട്ടുകാവ് | 25,000 | 72/25.03.2015 |

* രണ്ട് കേസുകളിലും ഒരേ ചലാൻ നമ്പറാണ്.

ഇവയിൽ അരിക്കുളം ഗ്രാമ പഞ്ചായത്ത് ഒഴികെയുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. ഈ ഗ്രാമ പഞ്ചായത്തുകൾ തുക അക്കൗണ്ട് ചെയ്തതിന് രശീതി നൽകാതെ സൂചിക പ്രകാരമുള്ള രശീതാണ് നൽകിയത്.

കൃത്യമായ രശീതി ലഭ്യമാക്കുന്നതിൽ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(7/15.02.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികൾക്ക് ബ്ലോക്ക് വിഹിതമായി നൽകിയ തുക

അതാത് പഞ്ചായത്തുകളിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-21 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ

പ്രൊജക്ട് നം - എസ്.ഒ.15/ 2014-15

അടങ്കൽ - 100000 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് - 54220/- ബിൽ നം.10/2014-15/30-10-2014

37710 /- ബിൽ നം.13/2014-15/15-11-2014

8070/- ബിൽ നം.18/2014-15/23-02-2015

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സർക്കാർ ഏജൻസിയായ കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Desktop computer-Acer veriton M200 H81.... | 37710 (incl 5% VAT) |
| Del lap top with intel core i3....... HP laserjet MFP printer.... | 54220 (incl 5% VAT) |
| Laser printer LBP 2900B... | 8070 (incl 5% VAT) |
| ആകെ | 100000 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോർ പർച്ചേസ് ചട്ടം പാലിച്ചില്ല.

കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9-24 പ്രകാരം ടെണ്ടർ നടപടികളില്ലാതെ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ തന്നെ ഉത്പ്പാദിപ്പിച്ചതാണെന്ന് പർച്ചേസിങ്ങ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്. ഈ പദ്ധതിയിൽ മറ്റ് കമ്പനികൾ നിർമിച്ച കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുമാണ് ടെണ്ടർ നടപടികളില്ലാതെ കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുള്ളത്.

2) കമ്പ്യൂട്ടറിന് വില നൽകിയതിലെ അപാകത

ജി.ഒ (പി)01/2006/എസ്.പി.ഡി/02-02-2006 നമ്പർ ഉത്തരവ് പ്രകാരംതദ്ദേശ ഭരണ സ്ഥാപനങ്ങൾ ടെണ്ടർ നടപടികളില്ലാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ /അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വിലയിൽ അധികരിക്കാൻ പാടില്ല. ഓർഡർ തുകയുടെ 50%ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം

സ്വീകരിക്കണം. സ്റ്റോർ പർച്ചേസ് നിയമപ്രകാരം സാധനവിലയുടെ കമ്പോളവിലയുമായുള്ള യുക്തിഭദ്രത പർച്ചേസിങ്ങ് ഓഫീസർ പരിശോധിച്ചിട്ടില്ല. സർക്കാർ ഉത്തരവിനനുസരിച്ചല്ലാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

3)കമ്പ്യൂട്ടർ സ്റ്റോക്ക് സൂക്ഷിപ്പിലെ അപാകത

കമ്പ്യൂട്ടർ ഹാർഡ് വേർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകമായി സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. സ്ഥാപനത്തിലെ സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്കുകളുടെ ഇടയിലായാണ് കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുത്തിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/15-16) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകത ആവർത്തിക്കാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-22 കാലിത്തീറ്റ സബ്സിഡി - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ

പ്രോജക്ട് നമ്പർ - എസ്. 0034/16 – കാലിത്തീറ്റ സബ്സിഡി

നിർവ്വഹണോദ്യോഗസ്ഥൻ - ക്ഷീര വികസന ഓഫീസർ

അടങ്കൽ - 5,00,000/ രൂപ , വികസന ഫണ്ട്

ചെലവ് - 5,00,000/- രൂപ , ബിൽ നം. 1/15-16 തീയതി 26.3.16

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിലയിൽ സബ്സിഡി അനുവദിക്കുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ക്ഷീര സംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് ഒരു രൂപ നിരക്കിൽ ക്ഷീര കർഷകർക്ക് സബ്സിഡി അനുവദിക്കുന്നതിനാണ് ഈ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ( ജി. ഒ. (എം.എസ്) 362/2013/ത.സ്വ ഭ.വ , തീയതി 16.11.2013 ) പ്രകാരം ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്തമായി നടപ്പിലാക്കേണ്ടതാണ് . പിന്നീട് 10.10.2014 ലെ സ. ഉ (സാ.ധാ ) 2613 / 14 / ത. സ്വ. ഭ. വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്വന്തമായി നടപ്പിലാക്കാൻ അനുമതി നൽകി. എന്നാൽ ഈ ഉത്തരവിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിൽ ഇരട്ടിപ്പ് വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2015 – 16 വർഷം ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ ക്ഷീര കർഷകർക്ക് സബ്സിഡി അനുവദിക്കുന്നതിന് ബ്ലോക്ക് തലത്തിൽ ക്ഷീര വികസന ഓഫീസറും ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഇതേ ആവശ്യത്തിന് സബ്സിഡി അനുവദിക്കുന്നതിന് ഡയറി എക്സ്റ്റൻഷൻ ഓഫീസറും പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ബ്ളോക്ക് തലത്തിൽ ലിറ്ററിന് ഒരു രൂപയും ഗ്രാമ പഞ്ചായത്ത് തലത്തിൽ ലിറ്ററിന് രണ്ട് രൂപയും ആയി ഒരേ സംഘത്തിലെ ക്ഷീര കർഷകർക്ക് ആകെ 3 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പിന്റെ സബ്സിഡിയായി 2016 ഏപ്രിൽ, മേയ് മാസങ്ങളിൽ ലിറ്ററിന് ഒരു രൂപ നിരക്കിലും ഇതേ ക്ഷീര കർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിവിധ ക്ഷീര സംഘങ്ങളിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥന് നൽകിയ പാൽ അളന്നതു സംബന്ധിച്ച സ്റ്റേറ്റ്മെന്റിലും ക്ഷീര കർഷകർക്ക് നൽകിയ കാലിത്തീറ്റയുടെ ബില്ലുകളിലും സബ്സിഡി അനുവദിച്ച കാലയളവ് വ്യക്തമാക്കിയിട്ടില്ല. ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ ക്ഷീര കർഷകർക്ക് ഒരേ കാലയളവിൽ ബ്ളോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തും ക്ഷീര വികസന വകുപ്പും നൽകിയ സബ്സിഡി സർക്കാർ നിശ്ചയിച്ച പരിധിയായ ലിറ്ററിന് മൂന്ന രൂപ എന്ന നിരക്കിൽ അധികരിച്ചിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

## 3-23 <u>കാലിത്തീറ്റ സബ്സിഡി - ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകി - രശീതി ലഭ്യമാക്കിയില്ല</u>

പ്രോജക്ട് നമ്പർ -എസ്. 0007/15 – കാലിത്തീറ്റ സബ്സിഡി

നിർവ്വഹണോദ്യോഗസ്ഥൻ - ക്ഷീര വികസന ഓഫീസർ

അടങ്കൽ - 3,00,000/ രൂപ , വികസന ഫണ്ട്.

ചെലവ് - 3,00,000/- രൂപ , ബിൽ നം. 1/14-15 തീയതി 29.1.15

2014-15 വർഷം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിലയിൽ സബ്സിഡി അനുവദിക്കുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ക്ഷീര സംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് മൂന്ന് രൂപ നിരക്കിൽ ക്ഷീര കർഷകർക്ക് സബ്സിഡി അനുവദിക്കുന്നതിനാണ് ഈ

പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. സംയുക്ത പ്രോജക്ട് ആയി നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം ചെങ്ങോട്ടുകാവ്, അരിക്കുളം, മൂടാടി, അത്തോളി ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി തുക നൽകുകയായിരുന്നു. ആയതിൽ അരിക്കുളം ഗ്രാമപഞ്ചായത്ത് ഒഴികെയുള്ളവയിൽ നിന്നും ഔദ്യോഗിക രശീതി ലഭിച്ചിട്ടില്ല. താഴെപ്പറയും പ്രകാരമുള്ള തുകകളുള്ള ഔദ്യോഗിക രശീതികൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | തുക |
|---|---|---|
| 1 | ചെങ്ങോട്ടുകാവ് | 70,000 |
| 2 | മൂടാടി | 90,000 |
| 3 | അത്തോളി | 50,000 |
| | ആകെ | 2,10,000 |

## 3-24 ക്വട്ടേഷൻ നടപടിക്രമം പാലിക്കാതെ ചെലവ് നടത്തുന്നു

1. സാമൂഹികാരോഗ്യകേന്ദ്രം - കിണർ റിപ്പയർ

തിരുവങ്ങൂർ സാമൂഹികാരോഗ്യകേന്ദ്രത്തിലെ കിണർ റിപ്പയർ ചെയ്ത വകയിൽ ആകാശ് കിണർ കമ്പനി, പൂക്കാട്, കോഴിക്കോട് എന്ന സ്ഥാപനത്തിന് 20,000/- വൗച്ചർ നം 21500216/25.06.201 പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ നടപടിക്രമം പാലിച്ചതായി കാണുന്നില്ല.

2. സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ

സാമൂഹികാരോഗ്യകേന്ദ്രത്തിലേയ്ക്ക് ലാബ് ഉപകരണങ്ങൾ/റി-ഏജന്റ്സ് വാങ്ങുന്നതിന് 2015-16 വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നം, തീയതി | പിൻവലിച്ച തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| 0096195/20.11.2015 | 6,239/- രൂപ | സ്റ്റാൻഡേർഡ് സർജിക്കൽസ്, കോഴിക്കോട് |
| 1431361/22.02.2016 | 11,789/-രൂപ | സ്റ്റാൻഡേർഡ് സർജിക്കൽസ്, കോഴിക്കോട് |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 5000 മുതൽ 49999 രൂപ വരെ മതിപ്പ് വിലയുള്ള സാധനങ്ങൾ വാങ്ങുമ്പോൾ അറിയപ്പെടുന്ന വിതരണക്കാരിൽ നിന്നും 3 ക്വട്ടേഷനുകൾ സ്വീകരിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, സാധന സാമഗ്രികൾ വാങ്ങുന്നതും, സേവനങ്ങൾ ഒരുക്കുന്നതിനും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 3-25 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ - വിശദമായ വിനിയോഗ പത്രിക സമർപ്പിക്കുന്നില്ല.

ശിശു വികസന ഓഫീസർ നിർവ്വഹണം ചെയ്ത വിവിധ പദ്ധതികളിൽ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്ന പദ്ധതികളിൽ ഗ്രാമ പഞ്ചായത്ത് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് വിശദമായ ധനവിനിയോഗ പത്രിക

ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ പേര്, നം | ചെലവ് തുക, ബിൽ നം, തീയതി | വിഹിതം കൈപ്പറ്റിയ ഗ്രാമപഞ്ചായത്തുകൾ | വിഹിതമായി നൽകിയ തുക | ചെക്ക്/ഡിഡി/ ചലാൻ നം |
|---|---|---|---|---|---|
| 1 | വികലാംഗ സഹായ ഉപകരണങ്ങൾ S0024/15 അടങ്കൽ : 6,76,000 (വികസനഫണ്ട് ജനറൽ) | 6,76,000 02/14-15 തീ. 25.02.2015 (5,76,000) 05/14-15 തീ. 26.03.2015 (1,00,000) | അരിക്കുളം | 3,76,000 | 954962/30.03.2015 |
| | | | മൂടാടി | 2,00,000 | 204/27.02.2015 |
| | | | ചെങ്ങോട്ടുകാവ് | 1,00,000 | 264/27.02.2015 |
| 2 | വികലാംഗർക്ക് സ്കോളർഷിപ്പ് S0036/15 അടങ്കൽ : 6,33,624 (വികസനഫണ്ട് ജനറൽ) | 6,08,624 01/14-15 തീ. 23.01.2015 (2,24,650) 03/14-15 തീ. 25.02.2015 (3,58,974) 04/14-15 തീ. 24.03.2015 25,000/- | അത്തോളി | 66,500 | 107/24.01.2015* |
| | | | അരിക്കുളം | 33,250 | 954138/03.02.2015 |
| | | | ചേമഞ്ചേരി | 1,24,900 | 107/24.01.2015* |
| | | | മൂടാടി | 3,58,974 | 206/27.02.2015 |
| | | | ചെങ്ങോട്ടുകാവ് | 25,000 | 72/25.03.2015 |

മേൽ പരാമർശിച്ച തുകകൾ ഏതൊക്കെ ഇനങ്ങളിൽ, ആർക്കൊക്കെ നൽകി എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ വിനിയോഗ പത്രിക ഫയലിൽ ലഭ്യമായില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

## 3-26 താലൂക്ക് ആശുപത്രിയ്ക്ക് അലക്കുകൂലിയിനത്തിൽ തുക നൽകി

തിരുവങ്ങൂർ സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഷീറ്റുകൾ, ടൗവ്വലുകൾ, തലയിണ കവർ എന്നിവ അലക്കി വൃത്തിയാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| മാസം | വൗച്ചർ/ചെക്ക് നം, തീയതി | തുക | | | | തുക കൈപ്പറ്റിയ വ്യക്തിയുടെ പേര് |
|---|---|---|---|---|---|---|
| | | ഇനം | എണ്ണം | നിരക്ക് | തുക | |
| ഫെബ്രുവരി 2015 | 2150047/17.04.15 | ഷീറ്റ് | 47 | 8 | 376 | ശ്രീമതി. ഷീന, ആര്യാംപൊയിൽ, കാപ്പാട് |
| | | ടൗവ്വൽ | 12 | 6 | 72 | |
| | | തലയിണ ഉറ | 2 | 4.50 | 9 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 457* | |
| മാർച്ച് 2015 | 2688838/ 03.06.2015 | ഷീറ്റ് | 33 | 8 | 264 | |
| | | ടൗവ്വൽ | 7 | 6 | 42 | |
| | | തലയിണ ഉറ | 1 | 4.50 | 4.50 | |
| | | | | | 310.50 | |
| ഏപ്രിൽ 2015 | | ഷീറ്റ് | 30 | 8 | 240 | |
| | | ടൗവ്വൽ | 2 | 6 | 12 | |
| | | തലയിണ ഉറ | 1 | 4.50 | 4.50 | |
| | | | | | 256.50 | |
| മെയ് 2015 | 21500366/ 03.09.2015 | ഷീറ്റ് | 38 | 8 | 304 | ശ്രീമതി. ചന്ദ്രിക, തെക്കേ ഓലക്കുളത്തിൽ, കാപ്പാട് |
| | | ടൗവ്വൽ | 7 | 6 | 42 | |
| | | തലയിണ ഉറ | 2 | 4.50 | 9 | |
| | | | | | 355 | |
| ജൂൺ 2015 | 21500366/ 03.09.2015 | ഷീറ്റ് | 57 | 8 | 456 | |
| | | ടൗവ്വൽ | 5 | 6 | 30 | |
| | | തലയിണ ഉറ | 2 | 4.50 | 9 | |
| | | | | | 495 | |
| ജൂലൈ 2015 | 21500503/ 20.11.2015 | ഷീറ്റ് | 115 | 8 | 920 | |
| | | ടൗവ്വൽ | 10 | 6 | 60 | |
| | | തലയിണ | 4 | 4.50 | 18 | |

| | | | | | | |
|---|---|---|---|---|---|---|
| | | ഉറ | | | | |
| ആഗസ്റ്റ് 2015 | | ഷീറ്റ് | 91 | 8 | 728 | |
| | | ടൗവ്വൽ | 8 | 6 | 48 | |
| | | തലയിണ ഉറ | 1 | 4.50 | 4.50 | |
| | | | | | 1778.50 | |
| സെപ്തംബർ 2015 | 1431361/ 22.02.2016 | ഷീറ്റ് | 110 | 8 | 880 | ശ്രീമതി. ഷീന, ആര്യാംപൊയിൽ, കാപ്പാട് |
| | | ടൗവ്വൽ | 7 | 6 | 42 | |
| | | തലയിണ ഉറ | 2 | 4.50 | 9 | |
| ഒക്ടോബർ 2015 | | ഷീറ്റ് | 119 | 8 | 952 | |
| | | ടൗവ്വൽ | 12 | 6 | 72 | |
| | | തലയിണ ഉറ | 3 | 4.50 | 13.50 | |
| നവംബർ 2015 | | ഷീറ്റ് | 63 | 8 | 504 | |
| | | ടൗവ്വൽ | 9 | 6 | 54 | |
| ഡിസംബർ 2015 | | ഷീറ്റ് | 79 | 8 | 632 | |
| | | ടൗവ്വൽ | 11 | 6 | 66 | |
| | | തലയിണ ഉറ | 2 | 4.50 | 9 | |
| ജനവരി 2015 | | ഷീറ്റ് | 61 | 8 | 488 | |
| | | ടൗവ്വൽ | 13 | 6 | 78 | |
| | | തലയിണ ഉറ | 1 | 4.50 | 4.50 | |

| | | | | | |
|---|---|---|---|---|---|
| | | | | 3804 | |

* 457/- രൂപയ്ക്ക് പകരം 495/- രൂപ നൽകിയിട്ടുണ്ട്.

ഇവ കൂടാതെ, ആരോഗ്യ കേന്ദ്രത്തിലേക്ക് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിനുള്ള ചെലവ്, ലാബ് ഉപകരണങ്ങൾ, ക്ലീനിംഗ് ചാർജ്ജ് എന്നിവയും മിക്ക മാസങ്ങളിലും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആശുപത്രി മാനേജ്മെന്റ് കമ്മറ്റി നിലവിലിരിക്കേ ഇത്തരം ചെലവുകൾ HMC ഫണ്ടിൽ നിന്നും നിർവ്വഹിക്കാതെ ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതും, മേൽ ജീവനക്കാരികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, നിരക്ക് കണക്കാക്കിയതിന്റെ മാനദണ്ഡം എന്നിവ അറിയിക്കേണ്ടതുമാണ്.

## 3-27 ഗ്രാമ സഭാലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകി

ബ്ലോക്ക് പരിധിയിലെ അരിക്കുളം, അത്തോളി, ചെങ്ങോട്ട്കാവ്, ചേമഞ്ചേരി, മൂടാടി ഗ്രാമ പഞ്ചായത്തുകളിലെ ഐ.എ.വൈ ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി 3 പദ്ധതികൾ നടപ്പിലാക്കി യിട്ടുണ്ട്. ഗുണഭോക്താക്കളെ ഗ്രാമ സഭവഴി തിരഞ്ഞെടുത്തതിന്റെ ലിസ്റ്റ് പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പ്രൊജക്റ്റ് | ഗ്രാമ പഞ്ചായത്ത് |
|---|---|---|
| ശാരദ രാഘവൻ | ഐ.എ.വൈ (എസ്.സി) | അരിക്കുളം |
| പുഷ്പ സുനിൽ കുമാർ | | |
| കല്ല്യാണി മൂത്തോറൻ | | അത്തോളി |
| തങ്കം ഹരിദാസൻ | | |
| സജിതാ ഭാസ്കരൻ | | |
| രാധികാ ഷാജി | | |
| മീനാക്ഷി സോമൻ | | |
| വജിതാഷാജി | | |
| വിലാസിനി വേലായുധൻ | | |
| കുമാരി ലക്ഷ്മണൻ | | |

| | | |
|---|---|---|
| രാഗിഷാ നിഷാദ് | | |
| രമ്യാ ബിജു | | |
| ജിതേഷ് ബിന്ദു | | |
| ശ്യാമളാ രാഘവൻ | | |
| സജിതാ അനീഷ് ബാബു | | |
| രായി അരിയൻ | | |
| സ്മിതാ സന്തോഷ് | | |
| ദിവ്യാ സുബീഷ് | | |
| ജിൻസി സുമീഷ് | | |
| ശകുന്തള കൃഷ്ണൻ | | |
| ഗായത്രി അശോകൻ | | |
| പ്രമീള ബാബു | | |
| ഇന്ദിര സജീവൻ | | |
| മിനി അശോകൻ | | |
| മിനി രാജേഷ് | | |
| സുഹറ റഹീം | ഐ.എ.വൈ ജനറൽ | അത്തോളി |
| സിന്ദു പ്രദീപൻ | | ചേമഞ്ചേരി |
| സരസ മനോഹരൻ | | |
| നാരായണി ചന്ദ്രൻ | | |
| ജുമൈല സ്റാജ് | | |
| കദീജ മജീദ് | | |
| ജെയ്സിറ മുസ്തഫ | | |
| സറീന ഹമീദ് | | |

| | | |
|---|---|---|
| സീന അശ്റഫ് | | |
| ഷാബിദാ അഷ്റഫ് | | |
| സുബൈദ അദ്ദമാൻകുട്ടി | | |
| ആരിഫ് സിയാദ് | | |
| ആയിഷാ ബൽക്കീസ് | | |
| നൗഷിദ ഇസ്മയിൽ | | |
| മുനീറ സെക്കീർ | | |
| റഷീദാ അഹമ്മദ് | | |
| ഷംസീല നൗഷാദ് | | |
| സുഹറാബി ആദം | | |
| ഹസീന നാസർ | | ചെങ്ങോട്ട് കാവ് |
| നാദിറ മുഹമ്മതലി | | |
| ഷെരീഫാ ഷംസുദീൻ | | |
| ചിരുതക്കുട്ടി കുഞ്ഞിക്കണാരൻ | | |
| കദീശുമ്മാ അബ്ദുള്ളക്കുട്ടി | | |
| റൈഹാനത്ത് മുജീബ് | | |
| രമ്യ അനിൽ | | |

മേൽ ഗുണഭോക്താക്കളുടെ ഗ്രാമസഭാ ലിസ്റ്റ് ഹാജരാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-28 ഭവന നിർമ്മാണം പൂർത്തിയാകാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ വർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതികളിൽ ചില ഗുണഭോക്താകൾ ഭവന നിർമ്മാണം പൂർത്തികരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് ആരംഭിച്ച | ഭവന നിർമ്മാണം |
|---|---|

| വർഷം | പൂർത്തിയാക്കാത്ത് ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2011-12 | 8 |
| 2012-13 | 22 |
| 2013-14 | 11 |
| 2014-15 | 14 |
| ആകെ | 56 |

.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (33/15-16) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദികരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയിട്ടില്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷങ്ങളിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം നൽകൽ | ഡി24/14 05.05.2015 | 2014-15 | 7,55,000 | 1043406 | 4,20,000 | - | 13,78,406 |
| | | 2015-16 | 4,87,302 | 13,78,406 | 13,04,889 | 2,67,302 | 2,93,517 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| 2014-15 | 2015-16 |
|---|---|
| ഇല്ല | ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

| 2014-15 | 2015-16 |
|---|---|
| ഇല്ല | ഇല്ല |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 3-2 | 2005-06 | 68.1 | കോടതി വിധിച്ചിട്ടും മുൻകൂർ ക്രമീകരിച്ചില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,67,53,287 | 5,65,85,974 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,45,27,859 | 6,56,34,988 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,400 | - |
| ചെലവിനങ്ങളിലുള്ള ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,06,813 | 79,900 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,02,820 | 8,06,266 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | | സർചാർജ് ചെയ്യാവുന്നവ | | |
| | 2014-15 | 2015-16 | 2014-15 | 2015-16 | |
| 2-4 | 3,400 | | | | ശ്രീ. പി. വി. സോമൻ, സെക്രട്ടറി |
| 3-1(2) | | | | 64,000 | ശ്രീമതി. കെ.ടി സിന്ധു,<br>മെഡിക്കൽ ഓഫീസർ |
| 3-2 | | | 53,664 | | ശ്രീ. ഗിരീഷ് ആർ.ഡി,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | | 48,500 | | ശ്രീ. പി. വി. സോമൻ, സെക്രട്ടറി |
| 3-4 | | | | 15,900 | ശ്രീമതി. ഷാനില. എസ്. പി,<br>ശിശു വികസന പദ്ധതി ഓഫീസർ |
| 3-6 | | | 4,649 | | ശ്രീ. പി. വി. സോമൻ, സെക്രട്ടറി |
| ആകെ | | | 1,06,813 | 79,900 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | 2014-15 | 2015-16 | |
|---|---|---|---|
| 3-1(1) | 1,03,620 | | ശ്രീമതി. കെ.ടി സിന്ധു, മെഡിക്കൽ ഓഫീസർ |
| 3-7 | | 5,90,000 | ശ്രീ. സതീശൻ. പി, പട്ടികജാതി വികസന ഓഫീസർ |
| 3-8 | 2,99,200 | | ശ്രീ. സതീശൻ. പി, പട്ടികജാതി വികസന ഓഫീസർ |
| 3-9 | | 2,00,000 | ശ്രീ. ടി.കെ. ഗോവിന്ദൻ, സെക്രട്ടറി |
| 3-10 | | 9,216 | ശ്രീ. പി. വി. സോമൻ, സെക്രട്ടറി |
| 3-11 | | 3,000 | ശ്രീ. പി. വി. സോമൻ, സെക്രട്ടറി |
| 3-12 | | 3,000 | ശ്രീ. പി. വി. സോമൻ, സെക്രട്ടറി |
| 3-14 | | 1,050 | ശ്രീ. പി. വി. സോമൻ, സെക്രട്ടറി |
| ആകെ | 4,02,820 | 8,06,266 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. വി. സോമൻ, സെക്രട്ടറി | റിട്ടയേർഡ് | പീടിക വളപ്പിൽ, പി.ഒ മൂടാടി നോർത്ത് 673307 |
| ശ്രീമതി. കെ.ടി സിന്ധു, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പി.ഒ തിരുവങ്ങൂർ | മെഡിക്കൽ ഓഫീസർ, എം.ഒ ക്വാർട്ടേഴ്സ്, സി.എച്ച്.സി,തിരുവങ്ങൂർ, പി.ഒ തിരുവങ്ങൂർ - 673 304 |
| ശ്രീ. ഗിരീഷ് ആർ.ഡി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി പന്തലായനി ബ്ലോക്ക് | നിവേദ്യം, പയറ്റുവളപ്പിൽ പി.ഒ കൊയിലാണ്ടി 673305 |

| | | |
|---|---|---|
| | പഞ്ചായത്ത്<br>പി.ഒ കൊയിലാണ്ടി | |
| ശ്രീമതി. ഷാനില. എസ്.പി, ശിശു വികസന പദ്ധതി ഓഫീസർ | ശിശു വികസന പദ്ധതി ഓഫീസർ<br>പന്തലായനി ബ്ലോക്ക് പഞ്ചായത്ത്<br>പി.ഒ കൊയിലാണ്ടി | പ്രതീക്ഷ, ഭട്ട് റോഡ്<br>(ഗ്യാലക്സി ബിൽഡിംഗിന് എതിർവശം)<br>വെസ്റ്റ് ഹിൽ, കോഴിക്കോട് 673005 |
| ശ്രീ. സതീശൻ. പി, പട്ടികജാതി വികസന ഓഫീസർ | ലഭ്യമല്ല | ചാലിൽ,<br>നടുവത്തൂർ പി.ഒ, കൊയിലാണ്ടി |
| ശ്രീ. ടി.കെ. ഗോവിന്ദൻ, സെക്രട്ടറി | ലഭ്യമല്ല | തേവർകണ്ടി<br>പി.ഒ കാരയാട്, അരിക്കുളം<br>മേപ്പയ്യൂർ വഴി 673524. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന<br>ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (1) തീയതി 09.03.15 | 1 |
| 2000-01 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (3) തീയതി 09.03.15 | 2 |
| 2001-02 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (4) തീയതി 09.03.15 | 1 |
| 2002-03 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (5) തീയതി 09.03.15 | 2 |
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (6) തീയതി 09.03.15 | 3 |
| 2004-05 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (7) | 2 |

| | | |
|---|---|---|
| | തീയതി 09.03.15 | |
| 2005-06 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (8) തീയതി 11.03.15 | 4 |
| 2006-07 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (9) തീയതി 09.03.15 | 2 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (10) തീയതി 09.03.15 | 4 |
| 2008-09 | നം.എൽ.എഫ്.കെ.കെ.ഡി പി7/1345/12 തീയതി 4.9.12 | 6 |
| 2009-10 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (12) തീയതി 18.03.15 | 4 |
| 2010-11 & 11-12 | നം.എൽ.എഫ്.കെ.കെ.ഡി.പി7//1362/14 (13) തീയതി 18.03.15 | 3 |
| 2012-13 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (14) തീയതി 05.05.15 | 10 |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി7/2106/14 തീയതി09.03.2015 | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി.പി7/418/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി.24-03-2017.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിൻെറ 2014–15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തലായനി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P7/418/2017

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 24-03-2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Panthalayani Block Panchayat in Kozhikode District for the year ended on 31.03.2015 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Panthalayani Blockpanchayat for the year 2014-15 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR
DISTRICT AUDIT OFFICE, KOZHIKODE.

കെ.എസ്.എ.കെ.കെ.ഡി.പി7/418/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
E-mail: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

തീയതി. 24-03-2017.

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2015–16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തലായനി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P7/418/2017

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 24-03-2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Panthalayani Block Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Panthalayani Block panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

JOINT DIRECTOR
DISTRICT AUDIT OFFICE, KOZHIKODE.